DESPATCHED
On..18|03|22

16/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.06(1)/2022/SIC, 37(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 243/SIC-G4/2022, 702/SIC-G4/2022)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മാർച്ച് 16

ശ്രീ. എ.എം. സിറാജ്,
അറക്കവീട്ടിൽ ഹൗസ്,
പ്രിയദർശിനി റോഡ്,
തൊയക്കാവ് പി.ഒ., തൃശ്ശൂർ – 680 513.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് കാര്യാലയം,
പി.ഒ.വെങ്കിടങ്ങ്, തൃശ്ശൂർ - 680 510.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസ്,
തൃശ്ശൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19/07/2021, 28/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/08/2021, 24/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10/09/2021, 23/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 11/10/2021, 22/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 01/01/2022, 05/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/01/2022, 12/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/01/2021, 20/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/02/2022, 05/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/03/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി ഫോൺ |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. എ.എം. സിറാജ്, 1.1.2022, 5.1.2022 എന്നീ തീയതികളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജികളിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 19.7.2021-ലെ വിവരാവകാശ അപേക്ഷയിലെ 1(ബി), 5(എ), (ബി), 6(ഡി) എന്നീ ഇനങ്ങൾക്ക് നൽകിയ

RIGHT TO INFORMATION

മറുപടി തൃപ്തികരമല്ലെന്നും 28.7.2021 ലെ വിവരാവകാശ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും നൽകിയിട്ടില്ലെന്നും മിക്കവയ്ക്കും വസ്തുതകൾക്ക് വിരുദ്ധമായ വിവരങ്ങളാണ് നൽകിയിരിക്കുന്നതെന്നും ഭരണസമിതി തീരുമാനങ്ങൾ പോലുള്ള വെബ്സൈറ്റിൽ കൊടുത്ത വിവരങ്ങൾ പോലും നിഷേധിച്ചു എന്നും നൽകിയ മറുപടികളിൽ പകർപ്പ് ഫീ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ, അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ രേഖപ്പെടുത്താതെയാണ് മറുപടി നൽകിയതെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി ലഭ്യമാക്കി എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1), 20(2) വകുപ്പുകൾ പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 19.7.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. (എ) കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ 2021-22 രണ്ടാം ഗ്രാമസഭ കൂടാൻ പറ്റാത്ത സാഹചര്യം മൂലം വ്യക്തിഗത ആനുകൂല്യങ്ങളുടെ അപേക്ഷ സമർപ്പിക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും നടപടികൾ എപ്രകാരം പൂർത്തിയാക്കാനാണ് പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതെന്നും

(ബി) 2021-22 വ്യക്തിഗത ആനുകുല്യങ്ങൾക്കുള്ള അപേക്ഷ ഫോറം പഞ്ചായത്ത് പരിധിയിലെ എല്ലാ വീടുകളിലും എത്തിക്കുന്നതിനും ഇക്കാര്യം ഉറപ്പു വരുത്തുന്നതിനും പഞ്ചായത്ത് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും

(സി) മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട് ഏതെല്ലാം വ്യക്തിഗത/കുടുംബ പദ്ധതി പ്രൊജക്ടുകൾ വെങ്കിടങ്ങ് പഞ്ചായത്തിൽ 2019, 2020, 2021 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിയുടെ പേരും ഗുണഭോക്താക്കളുടെ പേരും, വിലാസവും ഓരോ വർഷവും തരം തിരിച്ച് നൽകണമെന്നും

(ഡി) മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട് ഏതെല്ലാം വ്യക്തിഗത/കുടുംബ പദ്ധതി പ്രൊജക്ടുകൾ വെങ്കിടങ്ങ് പഞ്ചായത്തിൽ 2021-2022 വർഷം നടപ്പിലാക്കുന്നുണ്ടെന്നും ആയതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് നൽകണമെന്നും മറ്റുമായി 11 ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 28.7.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. വെങ്കിടങ്ങ് പഞ്ചായത്തിന്റെ തനത് കുടിവെള്ള പദ്ധതികളുടെ എണ്ണം നൽകണമെന്നും

ii. ആയവയുടെ പേര് വിവരം, ഇവ യഥാക്രമം ഏതൊക്കെ വാർഡുകളിൽ എന്ന വിവരം നൽകണമെന്നും

iii. ഈ പദ്ധതി ഓരോന്നിനെയും ഗുണഭോക്താക്കളെ കുറിച്ചുള്ള വിവരങ്ങൾ നൽകണമെന്നും

iv. ടി പദ്ധതി ഓരോന്നിന്റെയും ഹൗസ് കണക്ഷനുകൾ എത്ര എണ്ണം പൊതുടാപ്പുകൾ എത്ര എണ്ണമെന്നും മറ്റുമായി 44 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. 19.7.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 13.8.2021-ലും 28.7.2021-ലെ അപേക്ഷയ്ക്ക് 24.8.2021-ലും ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ലെന്നതിനാൽ ഹർജിക്കാരൻ 10.09.2021, 23.9.2021 എന്നീ തീയതികളിൽ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് യഥാക്രമം 11.10.2021, 22.10.2021 എന്നീ തീയതികളിൽ രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളതായും കാണുന്നു.

5. ഹർജിക്കാരൻ 10.9.2021-ന് നൽകിയ ഒന്നാം അപ്പീൽ തീർപ്പാക്കി 11.10.2021-ന് രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, അപ്പീൽവാദി സമർപ്പിച്ച വിവരാവകാശ അപേക്ഷ 5 പേജുകളിലായി 700 ലേറെ വാക്കുകളും, ഉപചോദ്യങ്ങൾ ഉൾപ്പെടെ 32 ചോദ്യങ്ങളുമുള്ള ചോദ്യാവലിയാണെന്നും എല്ലാ ചോദ്യങ്ങൾക്കും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അക്കമിട്ട് മറുപടി നൽകിയിട്ടുണ്ടെന്നും കൂടാതെ 13 ചോദ്യങ്ങൾക്ക് പകർപ്പിനായി അടവാക്കേണ്ടതായ തുക സംബന്ധിച്ച വിവരം നൽകിയിട്ടുണ്ടെന്നും ടി തുക ആകപ്പാടെ 1090/- രൂപ വരുമെന്നും ടി കണക്കിൽ നിന്നുതന്നെ അപ്പീൽവാദി ആവശ്യപ്പെട്ട വിവരങ്ങൾ എത്ര ബൃഹത്താണെന്നും വൈവിധ്യമാർന്നതാണെന്നും മനസ്സിലാക്കാവുന്നതാണെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മൊഴിയെടുത്തപ്പോൾ ലഭിച്ച മറുപടി, ഇക്കാലയളവിൽ ഓഫീസിലെ 2 ജീവനക്കാർ കോവിഡ് ബാധിച്ച് അവധിയിലായിരുന്നുവെന്നും മറ്റു ജീവനക്കാരുടെ ഒരുപാട് സമയം വിവരങ്ങൾ കണ്ടെത്താനായി വിനിയോഗിക്കേണ്ടി വന്നുവെന്നും വ്യത്യസ്ത സ്വഭാവം പുലർത്തുന്ന നീണ്ട പട്ടിക ആവശ്യപ്പെട്ടാൽ വിവരം ശേഖരിച്ച് നൽകുക എന്നത് വളരെ നാളത്തെ ശ്രമകരമായ ഏർപ്പാടാണെന്നും ഉദ്യോഗസ്ഥരുടെ സമയവും ജോലിയും വ്യർത്ഥമാക്കുന്ന ഇത്തരം ശ്രമങ്ങൾ അംഗീകരിക്കാൻ പാടില്ലെന്നു കേന്ദ്ര വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുള്ളതാണെന്നും അപേക്ഷകന്റെ തന്നെ 6 പേജുകളിലായി 44 ചോദ്യങ്ങളുള്ള ഒരു അപേക്ഷയിന്മേലുള്ള 4 പേജുള്ള അപ്പീലും നിലവിൽ ഈ ഓഫീസിലുണ്ടെന്നും കൂടാതെ പകർപ്പ് ഫീ ഇനത്തിൽ തുക എവിടെ അടക്കണമെന്ന കാര്യം കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 5 വിവരാവകാശ അപേക്ഷ പഞ്ചായത്തിൽ നൽകി ആയതിന് ഹർജിക്കാരൻ തുകയടച്ച് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നും അപ്പീൽവാദി ആവശ്യപ്പെട്ട രേഖകൾ അനുവദിക്കുന്നതിന് തുക അടവാക്കുന്നതിനായി ഓരോന്നും എത്ര പേജുകളുണ്ടെന്നും വ്യക്തമാക്കിയില്ല എന്ന

ആക്ഷേപം കണക്കിലെടുത്ത് തുക അടയ്ക്കേണ്ട വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം കൃത്യമായി രേഖപ്പെടുത്തി അറിയിക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയും ഹർജിക്കാരൻ ആവശ്യപ്പെട്ട മറ്റ് ചോദ്യങ്ങൾക്കെല്ലാം വിവരം നൽകിയതായി നിരീക്ഷിക്കുന്നതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. 23.09.2021–ന് നൽകിയ ഒന്നാം അപ്പീൽ തീർപ്പാക്കി 22.10.2021–ന് രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ വർഷം അപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ വിവരം കണ്ടെത്തുന്നതിനായി പൊതു സ്ഥാപന അധികാരിയുടെ ഒരുപാട് സമയമാണ് മാറ്റി വെക്കേണ്ടി വരുന്നതെന്നും ഇക്കാര്യത്തിൽ അപ്പീൽവാദി ശ്രദ്ധ പുലർത്തേണ്ടതാണെന്നും ഇത്തരം ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം പൊതു അധികാരിയുടെ കൈവശമുള്ള രേഖകളുടെ പകർപ്പാണ് നൽകാവുന്നതെന്നും വിവരങ്ങൾ അന്വേഷണം നടത്തി കണ്ടെത്തി കൊടുക്കുന്നതിന് ഒരു പൊതു അധികാരിക്ക് ബാധ്യതയില്ലെങ്കിലും ലഭ്യമായ വിവരങ്ങൾ സമയമെടുത്ത് കണ്ടെത്തി അപേക്ഷകനെ അറിയിച്ചിട്ടുള്ളതായി നിരീക്ഷിക്കുന്നുവെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി പൂർണ്ണമല്ലെന്ന അപ്പീൽവാദിയുടെ ആക്ഷേപം കണക്കിലെടുത്ത്, ടിയാൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന ലഭ്യമായ ഫയൽ രേഖകൾ സൗജന്യമായി കാണുവാനും കുറിപ്പെടുക്കുവാനും ഉള്ള അവസരം അപ്പീൽവാദിക്ക് നൽകേണ്ടതാണെന്നും വിവരാവകാശ അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്ക് രേഖകൾ അനുവദിക്കുന്നതിന് കൃത്യമായ പേജുകളുടെ എണ്ണം, തുക, അടവാക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ മറുപടിയിൽ പ്രതിപാദിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

7. ഒന്നാം എതിർകക്ഷി 28.01.2022, 1.2.2022 എന്നീ തീയതികളിലായി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകളിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷകൾ ലഭിച്ച സമയത്ത് ഓഫീസിലെ രണ്ട് ജീവനക്കാർ കോവിഡ് ബാധിച്ച് അവധിയിലായിരുന്നുവെന്നും മറ്റും ജീവനക്കാരുടെ ഒരുപാട് സമയം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം കണ്ടെത്തുന്നതിന് വേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്നും, ലഭ്യമായ എല്ലാ രേഖകളുടെയും പകർപ്പ് നിർദ്ദിഷ്ട ഫീസ് അടവാക്കി കൈപ്പറ്റുന്നതിന് ഹർജിക്കാരന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം ഫയൽ രേഖകൾ സൗജന്യമായി പരിശോധിക്കുന്നതിനും കുറിപ്പെടുക്കുന്നതിനും ഹർജിക്കാരന് സമയം അനുവദിച്ചിരുന്നെങ്കിലും ടിയാൻ ആയതിന് ഹാജരാകുകയോ മറ്റൊരു തീയതിക്കായി ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലെന്നും ടിയാന്റെ വിവരാവകാശ അപേക്ഷകൾക്ക് ലഭ്യമായ എല്ലാ വിവരങ്ങളും സമയബന്ധിതമായി നൽകിയിട്ടുള്ളതാണെന്നുമാണ്.

8. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, ഹിയറിംഗ് വേളയിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ പരിശോധിച്ചു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. മറ്റ് ഔദ്യോഗിക കാര്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ ആ നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിക്കുന്നത് എന്നതിനാൽ എതിർകക്ഷി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനങ്ങളെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള ബൃഹത്തായ ചോദ്യങ്ങൾ ഹർജിക്കാരൻ പരമാവധി ഒഴിവാക്കണമെന്നും സാങ്കൽപിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

9. വിവരാവകാശ നിയമപ്രകാരം പകർപ്പുകൾക്കായി വരുന്ന ചെലവിനം നിർണ്ണയിച്ച് ഫീസിന് അനുസൃതമായ തുക കണക്കാക്കിയതിന് ഉപോത്ബലകമായ കണക്കുകൾ സഹിതം അപേക്ഷകനോട് ആവശ്യപ്പെട്ടുകൊണ്ട് സമയബന്ധിതമായി അറിയിപ്പ് നൽകേണ്ടത് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലയാണ്. എന്നാൽ ഇക്കാര്യത്തിൽ ഓരോ ഇനത്തിലും ഒടുക്കേണ്ട മൊത്തം തുക എത്രയെന്ന് അറിയിച്ചതല്ലാതെ എത്ര പേജുകൾക്കാണ് തുക നിശ്ചയിച്ചതെന്നോ, ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുക ഒടുക്കേണ്ടതെന്നോ ഉള്ള വിവരം നൽകാതെ മറുപടി നൽകിയത് ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണ്. എന്നാൽ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയത് പരിഗണിച്ചും ടി വീഴ്ച ഒന്നാം അപ്പീൽ അധികാരി കണക്കിലെടുത്ത് വ്യക്തമായ മറുപടി തയ്യാറാക്കി അപ്പീലധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ കൂടി രേഖപ്പെടുത്തി മറുപടി നൽകാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 13.10.2021-ന് വ്യക്തമായ മറുപടി തയ്യാറാക്കി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നതിനാലും മറുപടി നൽകുന്നതിൽ ബോധപൂർവ്വമോ, മന:പൂർവ്വമോ ആയ വീഴ്ച ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് ഉണ്ടായിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ എതിർകക്ഷികൾക്കെതിരെ ഇക്കാര്യത്തിൽ മറ്റ് ശിക്ഷാനടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഒന്നാം എതിർകക്ഷി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

10. ഈക്കാര്യത്തിൽ രേഖകൾ നേരിട്ട് പരിശോധിക്കാൻ എതിർകക്ഷികൾ നൽകിയ അവസരം ഹർജിക്കാരൻ ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു. എന്നാൽ ഹർജിക്കാരന് നൽകിയ മറുപടികളിൽ ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷകളുമായി ബന്ധപ്പെട്ട ലഭ്യമായ രേഖാപകർപ്പുകൾ നേരിട്ട് പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകൾ ഫീസ് ഒടുക്കി എടുക്കുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും ഹർജിക്കാരന് ഒന്നാം എതിർകക്ഷി ഒരിക്കൽ കുടി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

11. മേൽ പ്രസ്താവിച്ച പ്രകാരം എ.പി.06(1)/2022/എസ്.ഐ.സി., എ.പി.37(1)/2022/എസ്.ഐ.സി. എന്നീ അപ്പീൽ ഹർജികൾ തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി